സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ നിലവിലുള്ള ഭരണസമിതി

134 [3539] ശ്രീ. അടൂർ പ്രകാശ്:
„ കെ. അച്ചുതൻ:
„ കെ. ബാബു:
„ വി. ഡി. സതീശൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ നിലവിലുള്ള ഭരണ സമിതി തെരഞ്ഞെടുക്കപ്പെട്ടതെന്നാണ്;

(ബി) അതിനുശേഷം അതിന്റെ നിയമപ്രകാരമുള്ള എത്ര യോഗങ്ങൾ നടന്നു;

(സി) നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് ആ സംഘത്തിന്റെ വാർഷിക യോഗങ്ങൾ എത്രയെണ്ണം നടന്നുവെന്നും അതിൽവച്ച് അതിന്റെ ബഡ്ജറ്റും കണക്കുകളും പാസ്സാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ഡി) അതിന്റെ ബഡ്ജറ്റ് പാസ്സാക്കേണ്ടതെന്നാണ്;

(ഇ) ബഡ്ജറ്റ് പാസ്സാക്കാതെ അതിന്റെ ഭരണം തുടരുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 8-10-2000-ൽ.

(ബി) 22 (ഇരുപത്തിരണ്ട്).

(സി) നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് പൊതുയോഗം കൂടിയിട്ടില്ല. എന്നാൽ 18-5-2002-ൽ പൊതുയോഗം ചേരുന്നതിനുള്ള നോട്ടീസ് തയ്യാറാക്കി അംഗങ്ങൾക്ക് അയച്ചിരുന്നുവെങ്കിലും എല്ലാ അംഗങ്ങൾക്കും ടി നോട്ടീസ് യഥാസമയത്ത് കിട്ടിയിട്ടില്ലായെന്ന് സഹകരണ രജിസ്ട്രാർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 16-5-2002-ലെ ഉത്തരവു പ്രകാരം അദ്ദേഹം ടി യോഗം റദ്ദ് ചെയ്യുകയുണ്ടായി.

(ഡി) സഹകരണ വർഷാരംഭത്തിൽ.

(ഇ) പൊതുയോഗം കൂടുമ്പോൾ അംഗീകാരം വാങ്ങിക്കാം എന്ന പ്രതീക്ഷയിലാണ് സംഘത്തിന്റെ ഭരണം തുടരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly